ഉത്തരം

(എ) നിലവിലുള്ള സെക്ഷൻ ഓഫീസിലെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി. മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മി.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്.

(ബി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചിരുന്നു. എന്നാൽ ഏകദേശം 27 ചതുരശ്ര കി. മീ. മാത്രം വിസ്തൃതിയുള്ളതിനാൽ കോവൂർ സെക്ഷന്റെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല.

കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ

15 (361) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ മണക്കാട് ഗംഗാ നഗർ, ബലവാൻ നഗർ, എം.എൽ.എ. റോഡിന്റെ പരിസരം എന്നീ പ്രദേശത്തെ (ഡിവൈൻ) സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർ, അവരുടെ കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യുടെ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗപ്പെടുത്തി വരുന്നു;

(ബി) ഇവർക്ക് കേബിൾ വയറുകൾ വലിക്കുന്നതിന് കെ.എസ്.ഇ.ബി. എത്ര പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; എന്ത് തുക ഈടാക്കിയിട്ടുണ്ട് ;

(സി) അനുമതി നൽകിയതിൽ കൂടുതൽ ഇലക്ട്രിക് പോസ്റ്റുകൾ ഈ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാരായ ഏജൻസികൾക്കെതിരെ നടപടി എടുക്കുന്നതിനും ഗവൺമെന്റ് തലത്തിൽ നിലവിലുള്ള സംവിധാനമെന്തെല്ലാം ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്തിവരുന്നു.

(ബി-ഡി) അനുമതി നൽകിയിട്ടില്ല. എങ്കിലും ഇലക്ട്രിക് പോസ്റ്റുകൾ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് റെഗുലറൈസ് ചെയ്യുന്നതിനായി 31-12-2014-ലെ ബോർഡ് ഉത്തരവ് നമ്പർ. B.O. (CMD)No.3446/2014 (D(D5S)/D5/CTV/4373/2014) പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ഇ) മേൽ പ്രതിപാദിച്ചിട്ടുള്ള ബോർഡ് ഉത്തരവ് പ്രകാരം അനധികൃതമായി ഇലക്ട്രിക് പോസ്റ്റുകളിൽ കൂടി വലിച്ചിട്ടുള്ള ടി.വി.കേബിളുകൾ 28-2-2015-നകം നിയമാനുസൃതമാക്കേണ്ടതായിരുന്നു. ഇതിനായി ഓരോ കേബിൾ ടി. വി. ഓപ്പറേറ്റർമാരും ഉപയോഗിച്ചിട്ടുള്ള വൈദ്യുത യൂണുകൾ കൃത്യമായി കണക്കാക്കി, 2011 മുതൽ ടി യൂണുകൾ ഉപയോഗിച്ചു വരുന്നു എന്ന അനുമാനത്തിൽ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ തുക ഒടുക്കേണ്ടതുണ്ട്. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിന് മുമ്പുള്ള കുടിശ്ശിക, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എൽ.എ.& ഡി.ഇ.ഒ.-യുടെ നേതൃത്വത്തിൽ നടത്തുന്ന അദാലത്തിൽ ഒത്തുതീർപ്പാക്കാവുന്നതാണ്.

വൈദ്യുത കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

16 (362) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ സർക്കാർ ആഫീസുകളിൽ നിന്നും വൈദ്യുത കുടിശ്ശിക ഇനത്തിൽ വൈദ്യുതി വകുപ്പിന് എത്ര തുക ലഭിക്കാനുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 31-12-2014-ലെ കണക്കനുസരിച്ച് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 113.20 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ജില്ല തിരിച്ചുള്ള കുടിശ്ശിക വിവരം താഴെ പറയും പ്രകാരമാണ് :

LIBRARY ARCHIVES Kerala Legislative Assembly